ജി2/15155/2018

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി, 16-08-2018

**സർക്കുലർ നം. 32/2018**

വിഷയം : ക്ഷീരവികസന വകുപ്പ് - ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് 2018 വർഷത്തെ ബോണസ് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:

1. സർക്കാരിന്റെ 10-08-2018-ലെ ജി.ഒ.(പി)/68/2018/തൊഴിൽ നം. ഉത്തരവ്.
2. സഹകരണസംഘം രജിസ്ട്രാറുടെ 14-08-2018-ലെ ഇ.എം.(1) 16376/2018 നം. കത്ത്.

ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-വർഷത്തിൽ നൽകേണ്ട ബോണസ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1. എല്ലാ സഹകരണ സംഘങ്ങളും ലാഭനഷ്ടം നോക്കാതെ ജീവനക്കാർക്ക് 2017-18 വർഷത്തിലെ മൊത്തം വാർഷിക വേതനത്തിന്റെ 8.33% മാസവേതനം പരമാവധി 7000/- (ഏഴായിരം രൂപാ മാത്രം) രൂപ എന്ന തോതിൽ കണക്കാക്കി ബോണസ് നൽകേണ്ടതാണ്.
2. 2017-18 വർഷത്തെ കണക്കനുസരിച്ച് ബോണസ് ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മതിയായ സംഖ്യ അലോക്കബിൾ സർപ്ലസുള്ള സംഘങ്ങൾ 7000/- രൂപ വരെ മാസവേതനമുള്ള ജീവനക്കാർക്ക് വാർഷിക വേതനത്തിന്റെ 20%ത്തിൽ അധികരിക്കാത്ത സംഖ്യ ബോണസ്സായി നൽകാവുന്നതാണ്.
3. നിബന്ധന 2-ൽ പറഞ്ഞ പ്രകാരം അലോക്കബിൾ സർപ്ലസ് ഉള്ള സംഘങ്ങൾ 7000/- രൂപയ്ക്കുമേൽ മാസവേതനമുള്ള ജീവനക്കാർക്ക് മാസവേതനം 7000/- രൂപ എന്നു കണക്കാക്കി, അതിന്റെ 20% ത്തിൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.
4. ഉയർന്ന തോതിൽ ജീവനക്കാർക്ക് ബോണസ് നൽകുന്നതിന് ആവശ്യമായ സംഖ്യ അലോക്കബിൾ സർപ്ലസ് ഇല്ലാത്ത സംഘങ്ങൾ, അലോക്കബിൾ സർപ്ലസ്സിൽ അധികരിച്ച സംഖ്യ ബോണസ് നൽകാൻ പാടില്ല.
5. അലോക്കബിൾ സർപ്ലസ് ഇല്ലാതിരിക്കുകയും അതേ സമയം 2017-18 വർഷത്തെ കണക്കു പ്രകാരം നിയമാനുസൃതമായ എല്ലാ റിസർവുകളും വകയിരുത്തിയ ശേഷം അറ്റലാഭമുള്ള സംഘങ്ങൾ അറ്റലാഭത്തിന്റെ 40%ത്തിൽ അധികരിക്കാത്ത സംഖ്യ വരത്തക്ക വിധമുള്ള തോതിൽ രണ്ടും മൂന്നും നിബന്ധനകളിൽ നിഷ്കർഷിക്കും പ്രകാരം ജീവനക്കാരുടെ മാസവേതനം ക്ലിപ്തപ്പെടുത്തി ബോണസ് നൽകാവുന്നതാണ്.
6. അപെക്സ് സ്ഥാപനങ്ങൾ, മേഖലാ യൂണിയനുകൾ, കൺകറന്റ് ആഡിറ്റർമാരുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവ കണക്കാക്കുന്ന അലോക്കബിൾ സർപ്ലസ്സും 2017-18 വർഷത്തെ അറ്റലാഭവും, അതാത് സ്ഥാപനങ്ങളിലെ കൺകറന്റ് ആഡിറ്റർമാർ

പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയതിൻ പ്രകാരമാണ് ബോണസ് നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

7. നിയമപരമായി സൂക്ഷിക്കേണ്ട കരുതലുകൾക്ക് ആവശ്യമായ തുക വകയിരുത്താതെ ലാഭനഷ്ടക്കണക്കിൽ കൃത്രിമമായി ലാഭം കാണിക്കുകയും, ടി ലാഭത്തിന്റെ അടിസ്ഥാനത്തിൽ ബോണസ് അധികമായി നൽകാനിടയാവുകയും ചെയ്യുന്ന പക്ഷം അപ്രകാരം അധികതുക നൽകിയതിനുള്ള ഉത്തരവാദിത്തം അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിനും ഭരണസമിതിയ്ക്കുമായിരിക്കും. അധികമായി നൽകുന്ന തുക ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കുന്നതും, അപ്രകാരം ടി തുക ജീവനക്കാരിൽ നിന്നും ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട ഭരണസമിതിയ്ക്കെതിരെ സർചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
8. കൺകറന്റ് ആഡിറ്റർമാരില്ലാത്ത സ്ഥാപനങ്ങൾ തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബോണസ് നൽകിയതായി ആഡിറ്റർ കണ്ടെത്തിയാൽ നിബന്ധന 7-ൽ നിഷ്കർഷിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. സഹകരണസംഘങ്ങളുടെ ബൈലായിൽ ജീവനക്കാർക്ക് ബോണസ് നൽകുന്നത് സംബന്ധിച്ച് എന്തുതന്നെ വ്യവസ്ഥ ചെയ്തിരുന്നാലും 1965-ലെ പേമെന്റ് ആന്റ് ബോണസ് ആക്ട്-ലെയും, സൂചന സർക്കാർ ഉത്തരവിലെയും നിബന്ധനകൾക്കു വിധേയമായി പരമാവധി ബോണസ് ഒന്നും, രണ്ടും, മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികരിച്ച് നൽകാൻ പാടുള്ളതല്ല.
10. അലോക്കബിൾ സർപ്ലസ് കണക്കാക്കുന്നത് സംബന്ധിച്ച വിശദാംശം സഹകരണസംഘം രജിസ്ട്രാറുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടല്ലാതെ ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ ജീവനക്കാർക്ക് ബോണസ്സായോ മറ്റേതെങ്കിലും പേരിലോ യാതൊരുവിധ സംഖ്യയും അധികമായി നൽകാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നു.

ക്ഷീരവികസന വകുപ്പ് ഡയറക്ടർ/
ക്ഷീരസഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ ജില്ലാ ഓഫീസർമാർക്കും - ഈ സർക്കുലറിലെ വിവരങ്ങൾ അതാതു ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീരസഹകരണസംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും, ഡയറിഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്
2. ഡെപ്യൂട്ടി ഡയറക്ടർ, ആഡിറ്റ്, കെ.സി.എം.എം.എഫ്
3. മാനേജിംഗ് ഡയറക്ടർ, KCMMF/TRCMPU/ERCMPU/MRCMPU
4. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
5. എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും - അറിവിനായി
6. സൂപ്രണ്ട്, സീവേജ് ഫാം, വലിയതുറ
7. സൂപ്രണ്ട്, ജി, സി സെക്ഷനുകൾ
8. സി2 സീറ്റ്
9. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ- വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
10. സ്റ്റോക്ക് ഫയൽ